ഉണ്ട്. ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള ബി.ഐ.എസ്. അംഗീകൃത അസൈയിംഗ്, ഹാൾ മാർക്കിംഗ് സെന്ററുകൾ എല്ലാം സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. അതിനാൽ ലീഗൽ മെട്രോളജി വകുപ്പിന് കീഴിൽ കാക്കനാട്ടുള്ള ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിനെ ഒരു ബി.ഐ.എസ്. അംഗീകൃത അസൈയിംഗ് & ഹാൾമാർക്കിംഗ് സെന്ററായി ഉയർത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇപ്പോൾ കേരളത്തിൽ 27 ബി.ഐ.എസ്. അംഗീകൃത അസൈയിംഗ് & ഹാൾമാർക്കിംഗ് സെന്ററുകളുണ്ട്. ഗുണനിലവാരത്തിൽ സംശയം തോന്നിയാൽ അവിടെ ഉപഭോക്താക്കൾക്ക് താങ്കൾ വാങ്ങിയ സ്വർണ്ണാഭരണങ്ങൾ നാമമാത്രമായ പരിശോധനാ ഫീസ് ഒടുക്കി പരിശോധിക്കാവുന്നതാണ്. കൂടാതെ എറണാകുളത്ത് കാക്കനാട് ലീഗൽ മെട്രോളജി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കാവുന്നതാണ്. ഗുണനിലവാരമില്ലാത്ത സ്വർണ്ണമാണ് വാങ്ങിയതെന്ന് ഉപഭോക്താവിന് ബോദ്ധ്യപ്പെട്ടാൽ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി ഫയൽ ചെയ്ത് പരിഹാരം തേടാവുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സ്വർണ്ണക്കടക്കാർ അവർ തന്നെ വിറ്റ സ്വർണ്ണത്തിന് വില കുറയ്ക്കുന്ന പ്രവണത തടയുന്നതിന് സർക്കാർ തലത്തിൽ നടപടി പ്രായോഗികമല്ല. ഉപഭോക്താക്കളുടെ ബോധവൽക്കരണത്തിലൂടെ മാത്രമേ ഇതിന് തടയിടാൻ സാധിക്കുകയുള്ളൂ. ബി.ഐ.എസ്. മുദ്രയുള്ള സ്വർണ്ണം വിശ്വസനീയമായ കച്ചവടസ്ഥാപനങ്ങളിൽ നിന്നും വാങ്ങുകയും, കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ ബിൽ ചോദിച്ചു വാങ്ങി സൂക്ഷിച്ച് വയ്ക്കുകയും ചെയ്താൽ ഒരു പരിധിവരെ മേൽപ്പറഞ്ഞ അനഭിലഷണീയമായ കച്ചവട പ്രവണത ഉപഭോക്താവിന് തന്നെ തടയിടാവുന്നതാണ്. ഇക്കാര്യത്തിൽ ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം

77 (1641) ശ്രീ. കെ. വി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണശാല മുഖേന വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരം സർക്കാർ പരിശോധിക്കാറുണ്ടോ ; എങ്കിൽ ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) പൊതുവിതരണശാലകളിലെ നിത്യോപയോഗ സാധനങ്ങളുടെ സ്റ്റോക്ക് തീരുന്ന മുറയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുവിതരണശാല മുഖേന ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും സിവിൽസപ്ലൈസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. FCI ഗോഡൗണുകളിൽ സൂക്ഷിച്ചിട്ടുള്ള അരി, ഗോതമ്പ് എന്നിവയുടെ ഗുണനിലവാരം അതാത് ജില്ലാസപ്ലൈ ആഫീസർമാർ പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷം മാത്രമേ മൊത്ത വ്യാപാരികൾക്ക് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗുണമേന്മ കുറഞ്ഞ സ്റ്റോക്ക് യാതൊരു കാരണവശാലും വിതരണം ചെയ്യുന്നില്ലായെന്ന് ഉറപ്പുവരുത്താറുണ്ട്. ഇതിനായി സീൽ ചെയ്ത സാമ്പിളുകൾ മൊത്ത വ്യാപാര കേന്ദ്രങ്ങളിലും ചില്ലറ വ്യാപാര കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനാവേളയിൽ ഉദ്യോഗസ്ഥർ സാമ്പിൾപ്രകാരമുള്ള സാധനങ്ങളാണ് വിതരണം നടത്തിവരുന്നതെന്ന് ഉറപ്പു വരുത്താറുണ്ട്.

(ബി) എല്ലാ പൊതുവിതരണ കേന്ദ്രങ്ങളിലും നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നില്ല തെരഞ്ഞെടുത്ത റേഷൻ കടകളെ 'ശബരി സ്റ്റോറുകൾ' എന്ന പേരിൽ സപ്ലൈകോ മുഖാന്തിരം അവശ്യസാധനങ്ങളും സിവിൽസപ്ലൈസ് വകുപ്പ് മുഖേന റേഷൻ സാധനങ്ങളും സ്റ്റോക്ക് തീരുന്നമുറയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പൊതുവിതരണ കേന്ദ്രങ്ങൾവഴി അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് 337 കോടി രൂപ ചെലവു വരുന്ന ഒരു പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സിവിൽസപ്ലൈസ് വകുപ്പിലെ റിക്രൂട്ട്മെന്റ് ആന്റ് പ്രൊമോഷൻ

78 (1642) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് വകുപ്പിലെ വിവിധ വിഭാഗം ജീവനക്കാർക്കു വേണ്ടിയുള്ള 30/2010 നമ്പർ റിക്രൂട്ട്മെന്റ് ആന്റ് പ്രൊമോഷൻ റൂൾ നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റൂൾ വകുപ്പിൽ പ്രാവർത്തികമാക്കുന്നതിന്റെ നടപടി ക്രമങ്ങൾ ഏതു ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റൂൾ പ്രകാരമുള്ള പ്രൊമോഷൻ നടത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റിക്രൂട്ട്മെന്റ് പ്രൊമോഷൻ റൂൾസ് ജി.ഒ.(എം.എസ്.)30/2010 നിലവിൽ വന്നത് 4-9-2010-ലാണ്.

(ബി&സി) ധനകാര്യവകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly